## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **22-01-2021 - ൽ മറുപടിയ്ക്ക്**

## തോട്ടം തൊഴിലാളികൾക്കുള്ള ലൈഫ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | (എ) യും (ബി) യും - ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് – "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം" നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിൽ മൂന്നാറിൽ തോട്ടം തൊഴിലാളികളായ 10 പേരെ ലൈഫ് മിഷന്റെ മുൻഗണനാ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുകയും ആയതിൽ 5 പേരുടെ ഭവന നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരിയിൽ താക്കോൽ കൈമാറിയിട്ടുള്ളതുമാണ്. ബാക്കി 5 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനകം പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. ഭവനം ഫൗണ്ടേഷൻ മുഖേന കൊല്ലം കുളത്തൂപ്പുഴ RPL എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണം ലക്ഷ്യമിടുന്നു. ആദ്യഘട്ട വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് ഇതിനകം കണ്ടെത്തിയിട്ടുള്ളത് വിശദമാക്കാമോ; | (ബി) | (എ) യും (ബി) യും - ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് – "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം" നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിൽ മൂന്നാറിൽ തോട്ടം തൊഴിലാളികളായ 10 പേരെ ലൈഫ് മിഷന്റെ മുൻഗണനാ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുകയും ആയതിൽ 5 പേരുടെ ഭവന നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരിയിൽ താക്കോൽ കൈമാറിയിട്ടുള്ളതുമാണ്. ബാക്കി 5 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനകം പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. ഭവനം ഫൗണ്ടേഷൻ മുഖേന കൊല്ലം കുളത്തൂപ്പുഴ RPL എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. ആദ്യഘട്ട വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകുന്നതാണ്. |
| (സി) | തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി പരിതാപകരമാണെന്നതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | (സി) തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ചു നൽകുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തോട്ടം മേഖലയിൽ പ്രാഥമിക സർവ്വേ നടത്തുകയും സർവ്വേയിൽ 32,452 ഗുണഭോക്താക്കളെ കണ്ടെത്തുകയുമുണ്ടായി. പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. മൂന്നാറിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിൽ നിന്ന് തൊഴിൽ വകുപ്പിന് ലഭ്യമാകുന്ന 5.49 ഏക്കർ സ്ഥലത്ത് ഫ്ളാറ്റ് സമുച്ചയം (ജി+2) പണിയുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണച്ചുമതല തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷനാണ്. ഭൂമി കൈമാറുന്ന വിഷയം സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി ചെമ്പ്ര എസ്റ്റേറ്റ് മാനേജ്മെന്റ് മേപ്പാടിയിൽ ഒരേക്കർ സ്ഥലം വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ